II ഇ.ബി.XIV-കേരള നിയമസഭ/VII-6

## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 ആഗസ്റ്റ് 16, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

14 (*181) അന്തർദ്ദേശീയ നിലവാരത്തിൽ കായികതാരങ്ങളെ വളർത്തിയെടുക്കൽ

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) നൽകിയ മറുപടിയിൽ, മികച്ച കായിക താരങ്ങളെ കണ്ടെത്തുന്നതിനും അവരുടെ ഇഷ്ട കായിക ഇനത്തിൽ പ്രോത്സാഹനം നൽകുന്നതിനും വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്നും കേരളത്തിലെ മികച്ച കായിക പ്രതിഭകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്, ഒളിമ്പിക്സ് എന്നീ രാജ്യാന്തര കായിക മത്സരങ്ങളിൽ മെഡൽ സാദ്ധ്യത ഉറപ്പാക്കുന്ന രീതിയിൽ വാർത്തെടുക്കുകയാണ് എലൈറ്റ് സ്കീമിലൂടെ ലക്ഷ്യമിടുന്നതെന്നും

വിദേശ പരിശീലകന്റെ കീഴിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും പരിശീലനവും താമസവും ഭക്ഷണവും ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും കായികതാരങ്ങൾക്ക് നൽകിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. എൽ.എൻ.സി.പി.-യിൽ പ്രവർത്തിച്ചുവരുന്ന എലൈറ്റ് അത്‌ലറ്റിക്സ് സ്കീം, തൃപ്രയാറിലെ ഹൈ പെർഫോർമൻസ് ട്രെയിനിംഗ് സെന്റർ ഫോർ വോളിബോൾ എന്നിവിടങ്ങളിൽ 13 അത്‌ലറ്റിക്സ് താരങ്ങൾക്കും 17 വോളിബോൾ കായിക താരങ്ങൾക്കും ഫെൻസിംഗ് എലൈറ്റ് സ്കീമിൽ 5 കായിക താരങ്ങൾക്കും നാഷണൽ/ഇന്റർനാഷണൽ ലെവലിലുള്ള പരിശീലനം നൽകിവരുന്നു. 2020-2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ സാദ്ധ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, കനോയിംഗ് & കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നീ 11 കായിക ഇനങ്ങളിൽ 250 കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി 440 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന "ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി" ആവിഷ്കരിക്കുകയും അതിന്റെ ഭാഗമായി വിവിധ ജില്ലകളിലായി 13 ഒളിമ്പിക്സ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. റസ്‌ലിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ പെൺകുട്ടികൾക്ക് മാത്രമാണ് പരിശീലനം നൽകുന്നത്. സ്പോർട്സ്/ഗെയിംസ് ഇനങ്ങളിൽ നിശ്ചിത കായിക

നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളവർക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിനായി പ്രതിവർഷം 50 ഒഴിവുകൾ വീതം നീക്കി വച്ചിട്ടുള്ളതിൽ രണ്ടെണ്ണം വിഭിന്ന ശേഷിയുള്ള കായിക താരങ്ങൾക്കായും ഒരെണ്ണം കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് 3 വർഷം പൂർത്തിയായിട്ടുള്ളതും ഒളിമ്പിക്സ്/ഏഷ്യൻ ഗെയിംസ് മത്സരങ്ങളിൽ ഉൾപ്പെടാത്തതുമായ കായിക ഇനങ്ങൾക്കായും നീക്കിവച്ചിട്ടുണ്ടെന്നും 2010 മുതൽ 2014 വരെയുള്ള ഒഴിവുകളിലേയ്ക്കുള്ള നിയമനം സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നുണ്ടെന്നും മികച്ച കായിക താരങ്ങൾക്ക് സംസ്ഥാന സർക്കാർ സർവ്വീസിലെ ക്ലാസ്സ് III, ക്ലാസ് IV തസ്തികകളിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന തെരഞ്ഞെടുപ്പുകളിൽ അധിക മാർക്ക് നൽകുന്നതിനുള്ള ഉത്തരവുപ്രകാരം 32 കായിക ഇനങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. ദേശീയ ഗെയിംസിൽ സ്വർണ്ണ മെഡൽ നേടിയ 72 കായിക താരങ്ങൾക്ക് നിയമന ഉത്തരവ് നൽകുകയും മറ്റ് മെഡലുകൾ നേടിയവർക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. മലയാളിയായ ഇന്ത്യൻ അത്ലറ്റിക്സ് താരം കുമാരി പി. യു. ചിത്രയെ ലോക അത്ലറ്റിക്സ് മീറ്റിൽ പങ്കെടുക്കുന്ന ടീമിൽനിന്ന് ഒഴിവാക്കിയതു സംബന്ധിച്ച് അന്വേഷണം നടത്താൻ കായിക മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും അവർക്ക് മികച്ച പരിശീലനം കിട്ടാനുള്ള സൗകര്യവും

പതിനായിരം രൂപ സ്കോളർഷിപ്പും ഭക്ഷണത്തിന് പ്രതിദിനം 500/- രൂപയും നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്നും വിദേശ കോച്ചുകളുടെ പരിശീലനം നൽകുന്ന കാര്യം ആലോചിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഏഷ്യൻ അത്‌ലറ്റിക്സ് മീറ്റിൽ ഈ വർഷം മെഡൽ നേടിയവർക്കുള്ള സമ്മാനത്തുക ഓരോ ഇനത്തിനും നിലവിലുണ്ടായിരുന്നതിന്റെ 200 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം സ്പോർട്സ് കോംപ്ലക്സുകൾ ആരംഭിക്കുന്നതിന് 7 ജില്ലകളിൽ ആവശ്യമായ സ്ഥലം കണ്ടെത്തി ഡി.പി.ആർ. തയ്യാറാക്കുകയും മറ്റ് ജില്ലകളിൽ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നതോടൊപ്പം പ്രത്യേക സാമ്പത്തിക സഹായ പദ്ധതിയിലുൾപ്പെടുത്തി 135 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന 25 ഗ്രൗണ്ടുകളിൽ 19 എണ്ണത്തിന് എ.എസ്. നൽകുകയും 16 എണ്ണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുകയും കിറ്റ്കോയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ പഞ്ചായത്തുകളിൽ ഒരു പൊതുകളിസ്ഥലം വികസിപ്പിച്ചെടുക്കാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ അഭിമാനങ്ങളായ കായികതാരങ്ങളിൽ ചിലർ സർക്കാർ സഹായത്തോടെ നടത്തുന്ന ട്രെയിനിംഗ് സെന്ററുകൾ ശക്തിപ്പെടുത്തുന്നതിനും ദുരുപയോഗം തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മാതൃകാപരമായി കായികതാരങ്ങളെ വളർത്തിയെടുക്കുന്ന സ്കൂളുകൾക്ക് മൾട്ടി പർപ്പസ് സ്പോർട്സ് കൗൺസിൽ മുഖാന്തിരം സഹായം

ഏർപ്പെടുത്തുമെന്നും കായിക നിയമം രൂപീകരിക്കുമ്പോൾ ഈ മേഖലയിലുള്ള അസോസിയേഷനുകളുടെ കിടമത്സരം ഒഴിവാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും പാലക്കാട് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ചടയമംഗലത്ത് സ്പോർട്സ് അക്കാദമിയും കാഞ്ഞിരപ്പള്ളിയിൽ സ്പോർട്സ് സ്കൂളും സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

15 (*182) കയർ മേഖലയുടെ പുനഃസംഘടന

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, കയർ മേഖലയിൽ രണ്ടാം കയർ പുനഃസംഘടനാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്നും ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും കയർ കമ്പോസിറ്റുകളും നീഡിൽ ഫെൽട്ടുകളും ആധുനിക ടഫ്റ്റിംഗ് രീതികളുമാണ് ഇവയിൽ മുഖ്യമെന്നും പൊതുമേഖലയിൽ കയർ കമ്പോസിറ്റുകളുടെ ഫാക്ടറി നിർമ്മാണം അവസാന ഘട്ടത്തിലാണെന്നും ഈ വർഷം മുതൽ ഇത്തരം സാങ്കേതിക വിദ്യകളുപയോഗിച്ച് ആലപ്പുഴയിലെ കയർ മാനുഫാക്ച്ചറിംഗ് സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനായി 200 കോടി രൂപയുടെ സഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന് സമർപ്പിക്കുന്നതിനുള്ള നടപടി

സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. കയർ പുന:സംഘടനാ സ്കീമിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾക്ക് വർക്കിംഗ് ക്യാപ്പിറ്റൽ നൽകാൻ തീരുമാനിക്കുകയും മാനേജീരിയൽ സബ്സിഡി പുന:സ്ഥാപിക്കുകയും 400 ഓട്ടോമാറ്റഡ് സ്പിന്നിംഗ് മെഷീനുകൾ ഡിപ്ലോയ് ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കയർ ശേഖരിച്ച് വിറ്റഴിക്കുന്നതിനുവേണ്ടി ഉത്തർപ്രദേശ് ഗവൺമെന്റുമായി ധാരണാപത്രം ഒപ്പുവച്ചതിനുപുറമെ ഇന്ത്യയിൽ 500 സെയിൽസ് ഔട്ട്ലെറ്റുകൾ ഫ്രാഞ്ചൈസി അടിസ്ഥാനത്തിൽ രൂപീകരിക്കുന്നതുമാണ്. കയർ മേഖലയിൽ വരുന്ന യന്ത്രവത്ക്കരണം പരമ്പരാഗത തൊഴിലാളികൾക്ക് ഭീഷണിയായതിനാൽ പരമ്പരാഗത തൊഴിലാളികൾ പിരിക്കുന്ന കയറും കയറുൽപ്പന്നങ്ങളും സർക്കാർ വാങ്ങി സംഭരിക്കാനും ആഗോളതലത്തിൽ കയർ നാരിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന വികാസവും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഉല്പന്ന നിർമ്മാണവും മാർക്കറ്റും കണക്കിലെടുത്ത് ഇന്ത്യയിൽ അതിവിപുലമായ വിപണന ശൃംഖല സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. പരമ്പരാഗതമായ റാട്ടുകൾ നവീകരിക്കുകയും ക്രയ വിലസ്ഥിരതാ പദ്ധതിയുടെ ഭാഗമായി സംഭരിച്ച കയർ ഓണത്തിന് 50 ശതമാനം റിഡക്ഷനിൽ വിൽക്കുകയും കയറ്റുമതിക്കാർക്ക് 10 ശതമാനം ഇൻസെന്റീവ് നൽകുകയും ചെയ്യുന്നതാണ്. തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിൽ ഉറപ്പുവരുത്തുകയും തൊണ്ട് ലഭ്യമാകുന്നിടത്ത് മൂന്ന് വർഷത്തിനുള്ളിൽ

പുതിയ 1000 മില്ലുകൾ സ്ഥാപിക്കുകയും സ്വകാര്യ വ്യക്തികൾ ഡീ-ഫൈബറിംഗ് യൂണിറ്റ് സ്ഥാപിച്ചാൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകുകയും ചെയ്യുന്നതാണെന്നും 35 ശതമാനം തൊണ്ട് ചകിരിയാക്കാനുള്ള പരിപാടിയാണ് ആസൂത്രണം ചെയ്യുന്നതെന്നും ഈ വർഷം നൂറ് കോടി രൂപയുടെ ജിയോ ടെക്സ്റ്റൈൽസ് മണ്ണ്-ജല സംരക്ഷണ മേഖലയിൽ ഉപയോഗപ്പെടുത്തുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും കയർ സംഘങ്ങളുടെ ഭൂമിയിൽ കയർ ഭൂവസ്ത്ര നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

16 (*183) ഹൈഡൽ ടൂറിസം സെന്ററുകൾ

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ഹൈഡൽ ടൂറിസം സെന്ററുകളെ വൈദ്യുതി ബോർഡിന്റെ സബ്സിഡിയറി കമ്പനിയാക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടെന്നും 25.03.2017-ൽ കൂടിയ കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ ഗവേണിംഗ് ബോഡി യോഗം കമ്പനി രൂപീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-നോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഹൈഡൽ ടൂറിസം സെന്ററുകൾ നിലവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഭൂമിയിലാണ് പ്രവർത്തിക്കുന്നതെന്നും ടൂറിസം, വനം, ഇറിഗേഷൻ, റവന്യൂ വകുപ്പുകളുടെ സഹകരണത്തോടെ പ്രവർത്തനങ്ങൾ മുന്നോട്ട്

കൊണ്ടുപോകാനും അതിന്റെ എല്ലാ വശങ്ങളും പരിശോധിക്കുന്നതിന് കൺസൾട്ടന്റിനെ നിയമിക്കാനും ഉദ്ദേശിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി ഇടുക്കിയിൽ നിരവധി പദ്ധതികൾ പ്രായോഗികമായി നടന്നുവരുന്നുണ്ടെന്നും പുതിയ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതോടൊപ്പം ജലവൈദ്യുത പദ്ധതികളുമായി ബന്ധപ്പെടുത്തി ടൂറിസത്തെ പ്രോത്സാഹിപ്പിക്കുമ്പോൾ ഇടുക്കിയുൾപ്പെടെയുള്ള ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ബാണാസുര സാഗർ ടൂറിസം ഇടനാഴി പദ്ധതിയിലെ ടെണ്ടറിൽ ക്രമക്കേടുണ്ടോയെന്നത് സംബന്ധിച്ചും ടൂറിസവും ഹൈഡൽ പ്രോജക്ടും സംയുക്ത പ്രോജക്ടാക്കുന്നതിനുള്ള സാദ്ധ്യതകൾ സംബന്ധിച്ചും പരിശോധിക്കുന്നതാണെന്നും ഹൈഡൽ ടൂറിസം മേഖലയിലെ ജീവനക്കാരുടെ ശമ്പളം ന്യായമായി വർദ്ധിപ്പിക്കാൻ നിർദ്ദേശം നൽകുന്നതാണെന്നും ഈ മേഖലയിലെ നിയമനങ്ങൾ പി.എസ്.സി. മുഖാന്തിരമായതിനാൽ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനാകില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

17 (*184) <u>തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്രമക്കേടുകൾ</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അഴിമതികൾ സംബന്ധിച്ച് സംസ്ഥാന വിജിലൻസ് മുഖേനയും

തിരുവിതാംകൂർ ദേവസ്വം ചീഫ് വിജിലൻസ് ഓഫീസർ മുഖേനയും അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ശ്രീപത്മനാഭസ്വാമി ക്ഷേത്രം, ഗുരുവായൂർ, ശബരിമല എന്നീ ക്ഷേത്രങ്ങൾക്കു പുറമെ ദേവസ്വം ബോർഡോ ക്ഷേത്രഭരണ സമിതികളോ ആവശ്യപ്പെടുന്ന ക്ഷേത്രങ്ങൾക്ക് സർക്കാർ മതിയായ സുരക്ഷാ സംവിധാനങ്ങൾ നൽകിവരാറുണ്ടെന്നും അമിക്കസ് ക്യൂറി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ നിലവിലുള്ള സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഭരണം ഗുരുവായൂർ മാതൃകയിൽ നടത്തുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ സംസ്ഥാന സർക്കാർ തയ്യാറാണെന്ന് ബഹു. സുപ്രീംകോടതിയെ അറിയിക്കുകയും സുപ്രീംകോടതി നിർദ്ദേശമനുസരിച്ച് ശ്രീപത്മനാഭസ്വാമി ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ. രതീശൻ, ഐ.എ.എസ്.-നെ മുഴുവൻ സമയ ഉദ്യോഗസ്ഥനായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ക്ഷേത്രത്തിന്റെ 'ബി' നിലവറ തുറക്കുന്നതുസംബന്ധിച്ച് സുപ്രീംകോടതി നിലപാടിനോടൊപ്പം നിൽക്കുമെന്നാണ് രാജകുടുംബം അറിയിച്ചിട്ടുള്ളത്. 2012-13-ലെ ശബരിമല കുത്തകലേലം സംബന്ധിച്ച പരാതികൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തൊട്ടടുത്ത വർഷം മുതൽ ഇ-ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ട്. ദേവസ്വം ബോർഡിന്റെ വരുമാനം കൂടുതലുള്ള ക്ഷേത്രങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ്

ഓഫീസർമാരെ സ്ഥലം മാറ്റി നിയമിച്ചതും ശബരിമലയിലും ദേവസ്വം ക്ഷേത്രങ്ങളിലും സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന ആളെ കമ്മീഷണറാക്കി നിയമിച്ചതുംപോലെയുള്ള സംഭവങ്ങൾ സമീപകാലത്തുണ്ടായത് ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതുമായി ബന്ധപ്പെട്ട അന്വേഷണം നടന്നുവരികയാണെന്നും ശബരിമലയിലെ മാലിന്യ പ്ലാന്റിലേയ്ക്കുള്ള പൈപ്പ് ലൈനിന്റെ പണി മണ്ഡല-മകരവിളക്ക് കാലത്തിന് മുമ്പായി പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2000 മുതൽ 2302 വരെയുള്ള ചോദ്യങ്ങളിൽ 201 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)